**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3110

15.02.2013 ൽ
മറുപടിയ്ക്ക്

## സിവിൽ സപ്ലൈസ് കോർപ്പറേഷന് പയർ വിതരണം ചെയ്ത സ്ഥാപനത്തിനെതിരെയുള്ള പരാതി

ചോദ്യം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ;

ഉത്തരം

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) സിവിൽ സപ്ലൈസ് കോർപ്പറേഷന് വേണ്ടി സായിധ്വജാ എന്റർപ്രൈസസ് സപ്ലൈ ചെയ്തത് കരാർ പ്രകാരമുള്ള ചുവന്ന വൻപയറല്ലെന്നും, വില കുറഞ്ഞ വെള്ള പയറായിരുന്നു എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) എങ്കിൽ കരാർലംഘനം നടത്തി കോർപ്പറേഷന് നഷ്ടം വരുത്തിയ സ്ഥാപനത്തിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടശേഷമുള്ള ടെൻഡറുകളിൽ ഈ കമ്പനിയെ പങ്കെടുപ്പിച്ചിട്ടുണ്ടോ ;<br><br>സി) കമ്പനിയെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ ; | ബി) യും സി) യും<br><br>ചുവന്ന വൻപയറും വെളുത്ത വൻപയറും തമ്മിലുള്ള വില വ്യത്യാസം നിർണ്ണയിക്കുകയും ആയതുപ്രകാരം വിതരണം ചെയ്ത അളവിന്റെ അധികവിലയായ 1,93,310/- രൂപ സിവിൽ സപ്ലൈസ് കോർപ്പറേഷനിലേക്ക് അടയ്ക്കുവാൻ നോട്ടീസ് നൽകുകയും അത് പ്രകാരം സപ്ലൈയർക്ക് കൊടുക്കുവാനുള്ള തുകയിൽ നിന്നും പ്രസ്തുത തുക പിടിച്ചു വയ്ക്കുകയും ചെയ്തിട്ടുണ്ട്. കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള മറ്റ് നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു സംബന്ധിച്ച് അന്തിമ തീരുമാനം ആകാത്തതിനാൽ മെസേഴ്സ് സായി തേജാ എന്റർപ്രൈസസ് എന്ന സ്ഥാപനം തുടർന്നും ടെണ്ടറിൽ പങ്കെടുക്കുന്നുണ്ട്. |
| ഡി) ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കുമോ ? | ഡി) ഇനം മാറി സ്റ്റോക്ക് സ്വീകരിച്ച ഉദ്യോഗസ്ഥരോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. വിശദീകരണം കിട്ടിയതിനുശേഷം ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ